കേരളകൗമുദി
21 മാർച്ച് 2017 ചൊവ്വ
തിരുവനന്തപുരം

സിറ്റി കൗമുദിയിൽ

- ആശങ്കയൊഴിയാതെ കരിക്കകം നിവാസികൾ ശ്രദ്ധിക്കാൻ താത്പര്യമില്ലാതെ അധികാരികൾ
- ആയുർവേദ കോളേജ് - കുന്നുംപുറം റോഡിന് 2.34 കോടി
- ആനതാഴ്ച്ചിറ കുടിവെള്ളപദ്ധതി ഉടൻ

അഞ്ചുമുക്കുവയൽ ഭദ്രകാളി ദേവീക്ഷേത്രം

തിരുവനന്തപുരം: മുട്ടട അഞ്ചുമുക്കുവയൽ ശ്രീഭദ്രകാളി ദേവീക്ഷേത്രത്തിലെ മീനഭരണി ഉത്സവം 24ന് ആരംഭിക്കും. 24ന് ഉച്ചയ്ക്ക് 1.30 ന് മേൽ 2 നകം കൊടിമരം നാട്ടൽ, രാത്രി 8.30ന് ദേവിക്ക് തങ്കഅങ്കി ചാർത്തൽ, രാത്രി 9.30ന് മേൽ 10 നകം ദേവിയെ പാടി കുടിയിരുത്തുന്നു. 25ന് ഉച്ചയ്ക്ക് 12.30 ന് അന്നദാനസദ്യ, 5.30ന് ആദ്ധ്യാത്മിക പ്രഭാഷണം, 7.30ന് ഭരതനാട്യം. 26ന് രാവിലെ 9.30ന് കളഭാഭിഷേകം, 10.30ന് നാഗരൂട്ടും നൂറുംപാലും, ഉച്ചയ്ക്ക് 12.15ന് മംഗല്യസദ്യ. രാത്രി 7.30ന് കലാപരിപാടികൾ. 27ന് ഉച്ചയ്ക്ക് 12.15ന് അന്നദാനം, വൈകിട്ട് 5ന് ഭജന, രാത്രി 7.30ന് നൃത്തസംഗീത നാടകം. 28ന് രാത്രി 12.30ന് കൊന്നുതോറ്റ്. 29ന് രാവിലെ 9ന് പൊങ്കാല, ഉച്ചയ്ക്ക് 12.30ന് അന്നദാനം, രാത്രി 7.45ന് നൃത്തസംഗീത നാടകം, രാത്രി 10.30ന് ഉരുൾ. 30 ന് വൈകിട്ട് 5 മുതൽ കുത്തിയോട്ടം, താലപ്പൊലി എന്നിവയോടൊപ്പം മഹാഘോഷയാത്ര നാലാഞ്ചിറ ഉദിയന്നൂർ ശ്രീമഹാദേവ ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച് അമ്പലത്തിൽ അവസാനിക്കും. രാത്രി ഗുരുസി.

വരമ്പശേരി ശ്രീദേവി ക്ഷേത്രം

തിരുവനന്തപുരം : കുന്നുകുഴി വരമ്പശേരി ശ്രീദേവി ക്ഷേത്രത്തിലെ രേവതി മഹോത്സവം 25 മുതൽ 29 വരെ നടക്കും. 25ന് രാവിലെ 5.45ന് അഭിഷേകം, 6ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം, 7.30ന് നിവേദ്യപൂജ, 10ന് നവകലശാഭിഷേകം, 11.30ന് നാഗരൂട്ട്, വൈകിട്ട് 6.30ന് ചുറ്റുവിളക്ക്, ദീപാരാധന, രാത്രി 7ന് ഭഗവതിസേവ. 26ന് രാവിലെ പതിവ്പൂജകൾ, 10ന് നവകലശാഭിഷേകം, 11.30ന് നാഗരൂട്ട്, ഭഗവതിസേവ. 27ന് രാവിലെ 5.45ന് അഭിഷേകം, 6ന് അഷ്ടദ്രവ്യ മഹാഗണപതി ഹോമം, 11.30ന് നാഗരൂട്ട്, ചുറ്റുവിളക്ക്, 7ന് ഭഗവതിസേവ, 8ന് പുഷ്പാഭിഷേകം. 28ന് രാവിലെ 5.45ന് അഭിഷേകം, 10ന് നവകലശാഭിഷേകം, 11.30ന് നാഗരൂട്ട്, 12ന് അന്നദാനം, രണ്ടിന് ആറാട്ട് എഴുന്നള്ളത്ത്. 29ന് രാവിലെ 10ന് നവകലശാഭിഷേകം, 11.30ന് നാഗരൂട്ട്, 12ന് അന്നദാനം, വൈകിട്ട് 6.30ന് ചുറ്റുവിളക്ക്, 6.45ന് ദീപാരാധന, ഭദ്രകാളിക്ക് വലിയ കുരുതി.

ഭാർഗവൻ വൈദ്യർ സ്മൃതി ദിനം നാളെ

തിരുവനന്തപുരം: ശ്രീനാരായണ സാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീനാരായണ ഗുരുവിന്റെ ഗൃഹസ്ഥ ശിഷ്യനും ആയുർവേദ ആചാര്യനുമായ ഭാർഗവൻ വൈദ്യരുടെ സ്മൃതിദിനം നാളെ രാവിലെ 9ന് ഉള്ളൂർ ധർമ്മാലയത്തിൽ ആചരിക്കുമെന്ന് ശ്രീനാരായണ സാഹിത്യ പരിഷത്ത് പ്രോഗ്രാം കോ-ഓർഡിനേറ്റർ കരിക്കകം വി.ആർ. രഘു അറിയിച്ചു.

സംഭാവന

തിരുവനന്തപുരം: കമലേശ്വരം എസ്. ആർ. വ്യൂവിൽ (പി. ആർ.എ 149) പി.എ സാധുക്കുട്ടിയുടെ (റിട്ട. കെ.എസ്.ഇ.ബി) ഒന്നാം ചരമവാർഷികം പ്രമാണിച്ച് ഭർത്താവ് കെ. രത്നാകരനും (റിട്ട. കെ.എസ്.ആർ.ടി.സി) കുടുംബാംഗങ്ങളും മിത്രാനന്ദപുരം അനന്തസായി ബാലസദനത്തിന് മൂവായിരം രൂപ സംഭാവന നൽകി.

പ്രഭാഷണം

തിരുവനന്തപുരം : ഡോ. പല്പു ലൈബ്രറി ആൻഡ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസം നടത്തിവരുന്ന പ്രഭാഷണപരമ്പര പ്രസിഡന്റ് വി.വി. ബിനുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. റിട്ടയേർഡ് എക്സിക്യൂട്ടീവ് എൻജിനിയർ ജി. രവീന്ദ്രൻ 'വീട്ടുവളപ്പിലെ ഔഷധച്ചെടികൾ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. രക്ഷാധികാരികളായ അഡ്വ. കെ. സാംബശിവൻ, വി. ബാബുകുമാർ, ജനറൽ സെക്രട്ടറി ഡി. രാധാകൃഷ്ണൻ, സെക്രട്ടറി എം.എൽ. ഉഷാരാജ്, എസ്. രാധാകൃഷ്ണൻ, കെ. ബാബു തുടങ്ങിയവർ പങ്കെടുത്തു.

പ്രചാരണ ബോർഡുകൾ നശിപ്പിച്ചു

തിരുവനന്തപുരം: കോൺഗ്രസ് എസിന്റെ നേതൃപരിശീലന ക്യാമ്പിന്റെ പ്രചാരണാർത്ഥം നഗരത്തിൽ സ്ഥാപിച്ചിരുന്ന ബോർഡുകൾ നശിപ്പിച്ചതായി പരാതി. ബോർഡ് നശിപ്പിച്ചവരെ കണ്ടെത്തണമെന്ന് ജില്ലാ പ്രസിഡന്റ് പാളയം രാജൻ സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകി.

നന്തൻകോട് ഭദ്രകാളി ദേവീക്ഷേത്രം

തിരുവനന്തപുരം : നന്തൻകോട് ഭദ്രകാളിദേവീക്ഷേത്രത്തിലെ മീനഭരണി മഹോത്സവം നാളെ വൈകിട്ട് 6.40 ന് സുഗതൻ തന്ത്രികളുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറും. വൈകിട്ട് 7ന് മീനഭരണി ഉത്സവം ഭീമാ ജൂവലേഴ്സ് എം.ഡി ഡോ. ബി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും. 7.30ന് കുടിയിരുത്തി കാപ്പുകെട്ട്. 22 ന് ഉച്ചയ്ക്ക് 1.55 ന് കൊടിമരം മുറിയ്ക്കൽ ഉദ്ഘാടനം എസ്.എൻ.ഡി.പി യോഗം പൽപ്പുസ്മാരക യൂണിയൻ കൺവീനർ അനീഷ് ദേവൻ നിർവഹിക്കും. വൈകിട്ട് 5ന് സ്വാമി അശ്വതി തിരുനാൾ ആത്മീയപ്രഭാഷണം നടത്തും. ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം മ്യൂസിയം സബ് ഇൻസ്പെക്ടർ സുനിൽ.ജി. നിർവഹിക്കും. ദിവസവും രാവിലെ 9.30 ന് നവഗ്രഹപൂജ, 10.30 ന് കലശപൂജ, ഗണപതി പൂജ, ദുർഗാപൂജ, മറ്റ് വിശേഷാൽപൂജകൾ എന്നിവയുണ്ടായിരിക്കും. 26 ന് തൃക്കല്യാണം, 29 ന് രാവിലെ 10.30 ന് പൊങ്കാല എന്നിവ ഉണ്ടായിരിക്കും. 30 ന് വൈകിട്ട് നാലിന് പുറത്തെഴുന്നെള്ളത്തോടുകൂടി ഉത്സവം സമാപിക്കും. 28 ന് വൈകിട്ട് നാലിന് സ്വസ്തിഫൗണ്ടേഷന്റെ സൗജന്യ ഓറൽ കാൻസർ നിർണയ ക്യാമ്പ്, നിത്യപ്രകാശം പരിപാടിയുടെ ഭാഗമായി സൗജന്യ നേത്രസംരക്ഷണ ക്യാമ്പ് എന്നിവയുണ്ടായിരിക്കും.

വിതരണോദ്ഘാടനം

പോത്തൻകോട്: പ്ലാസ്റ്റിക് കാരിബാഗുകളെ തുരത്താൻ നഗരസഭ തുണിസഞ്ചികൾ സൗജന്യമായി വിതരണം ചെയ്യുന്നു. പ്ലാസ്റ്റിക് നിരോധനത്തിനുശേഷമുള്ള പ്രചാരണ പരിപാടികളുടെ ഭാഗമായുള്ള സൗജന്യ സഞ്ചി വിതരണം ഇന്നലെ കാട്ടായിക്കോണം ചന്തയിൽ നടന്നു. കൗൺസിലർ സിന്ധുശശിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മേയർ വി.കെ. പ്രശാന്ത് തുണിസഞ്ചികൾ വിതരണം ചെയ്തു. കാട്ടായിക്കോണം രമേശൻ, വിമൽകുമാർ തുടങ്ങിയവർ സംസാരിച്ചു

മണക്കാട് വലിയപള്ളി റോഡ് ഉദ്ഘാടനം

തിരുവനന്തപുരം: കളിപ്പാംകുളം വാർഡിൽ ഇന്റർലോക്ക് ചെയ്ത് നവീകരിച്ച മണക്കാട് വലിയപള്ളി റോഡിന്റെ ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു. 2016-17 സാമ്പത്തിക വർഷത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 25 ലക്ഷം രൂപ ചിലവിട്ടാണ് പണി പൂർത്തിയാക്കിയത്. വലിയപള്ളി ജമാഅത്ത് പ്രസിഡന്റ് ഖാദർ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാർ, വിദ്യാഭ്യാസ - കായികകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്. ഉണ്ണിക്കൃഷ്ണൻ, മുൻ കൗൺസിലർ ജയൻ എന്നിവർ പങ്കെടുത്തു.

അതിജീവനത്തിന്റെ വേറിട്ട ഭാവങ്ങളുമായി മണിപ്പൂരി നാടകം

തിരുവനന്തപുരം: അധികാരികളുടെ അടിച്ചമർത്തലുകളിൽ വെണ്ണീറാക്കപ്പെട്ട ജനതയുടെയും ചരിത്രത്തിൽ എഴുതപ്പെടാതെ പോയ കലാകാരന്മാരുടെയും കഥ പറഞ്ഞാണ് നാടകോത്സവത്തിന്റെ അഞ്ചാം നാൾ പടിയിറങ്ങിയത്. മണിപ്പൂരി ജനതയുടെ ജീവിതമാണ് വൈകിട്ട് ആറുമണിക്ക് ടാഗോറിൽ അരങ്ങേറിയ പെബറ്റ് എന്ന നാടകം.

പെബറ്റ് എന്നത് വംശനാശഭീഷണി നേരിടുന്ന പക്ഷിയാണ്. ഏതു സമയത്തും പൂച്ചയുടെ ആക്രമണം പ്രതീക്ഷിച്ചുകൊണ്ടാണ് തള്ളപ്പക്ഷി കുഞ്ഞുങ്ങളെ വളർത്തുന്നത്. എന്നാൽ തള്ളപ്പക്ഷിയും കുഞ്ഞുങ്ങളും പൂച്ചയെ ചെറുക്കാനുള്ള ശ്രമത്തിലാണ്. അധികാരത്തിന്റെ വെറിപിടിച്ച സേന, ജനങ്ങൾ അവരുടെ കീഴിലാണെന്ന ബോധത്തിൽ അവരെ കീഴടക്കാൻ ശ്രമിക്കുന്നതാണ് പൂച്ചയുടെ നിരന്തരമുള്ള ആക്രമണത്തിലൂടെ ഹെസ്നം കൻഹയ്‌ലാൽ നമ്മോട് പറയുന്നത്. ഇത്തരം പ്രതീകങ്ങളിലൂടെ മണിപ്പൂരിന്റെ ചിത്രം പറയാതെ പറയുകയാണ് പെബറ്റ്. സ്വന്തം കാര്യം സിന്ദാബാദ് എന്നതിനെ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമായി കരുതുന്ന, യന്ത്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യരുടെ കണ്ണുതുറപ്പിക്കാൻ ജയിംസ് ഏലിയ രചന നിർവഹിച്ച ഈ നാടകം ഒരു കണ്ണിയായി മാറി.

ദേശീയ നാടകോത്സവത്തിന്റെ ഭാഗമായി ടാഗോർ തിയേറ്ററിൽ മണിപ്പൂർ കലാക്ഷേത്ര അവതരിപ്പിച്ച നാടകം 'പിബെറ്റ്'

കഴക്കൂട്ടത്ത് റോഡ് വെട്ടിപ്പൊളിച്ചു, നെറ്റ്‌വർക്ക് താറുമാറായി

കഴക്കൂട്ടം: ദേശീയ പാതയിൽ കഴക്കൂട്ടം ബൈപാസ് ജംഗ്ഷനിൽ റോഡ് വെട്ടിപ്പൊളിച്ചതിനെ തുടർന്ന് ബി.എസ്.എൻ.എല്ലിന്റെ ഭൂഗർഭ കേബിളുകൾ പൊട്ടി. ടെലിഫോൺ ഉൾപ്പെടെ വിവിധ നെറ്റ്‌വർക്കുകളുടെ പ്രവർത്തനം താറുമാറായി. കഴിഞ്ഞ മൂന്ന് ദിവസമായി പ്രദേശത്തെ 5000 ത്തോളം ടെലിഫോൺ കണക്ഷനുകളാണ് തകരാറിലായത്. ബാങ്കുകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും പൊലീസ് സ്റ്റേഷനുകളുടെയും ടെലിഫോണുകൾ ഉൾപ്പെടെ ഇന്റർനെറ്റ് കണക്ഷനുകളും താറുമാറായി. കഴക്കൂട്ടം - കാരോട് ബൈപാസ് വികസനത്തിന്റെ ഭാഗമായി ബൈപാസിൽ നിന്നു കഴക്കൂട്ടം ജംഗ്ഷനിലേക്ക് വരുന്ന റോഡ് വെട്ടിപ്പൊളിക്കുമ്പോഴാണ് ഭൂഗർഭ കേബിളുകൾ അറ്റുപോയത്. ഇതോടെയാണ് കാര്യവട്ടം ടെലിഫോൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ വരുന്ന കണക്ഷനുകൾ തകരാറിലായത്. പതിനാറോളം ജീവനക്കാർ രാവും പകലും കഴിഞ്ഞ മൂന്ന് ദിവസമായി പണിയെടുക്കുന്നുണ്ടെങ്കിലും പണി പൂർത്തികരിക്കാൻ ഇനിയും നാല് ദിവസമെങ്കിലും എടുക്കുമെന്ന് ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥർ പറഞ്ഞു. ടെലിഫോൺ ബന്ധം തകരാറിലായതോടെ ഐ.ടി നഗരമായ കഴക്കൂട്ടത്തെ ബാങ്കിംഗ് മേഖല ഉൾപ്പെടെ സ്തംഭിക്കുന്ന അവസ്ഥയാണ്. എന്നാൽ ടെക്നോപാർക്കിനെ ബാധിച്ചിട്ടില്ല.

കഴക്കൂട്ടം ബൈപാസ് ജംഗ്ഷനിൽ റോഡ് വെട്ടിപ്പൊളിച്ചപ്പോൾ

പ്ലാസ്റ്റിക് നിരോധനത്തിനെതിരെ വക്കീൽ നോട്ടീസ്

തിരുവനന്തപുരം: പ്ലാസ്റ്റിക് നിരോധനത്തിനെതിരെ കോർപറേഷൻ സെക്രട്ടറി, കേരള ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി എന്നിവർക്ക് സാമൂഹ്യപ്രവർത്തകനായ സാബു സ്റ്റീഫൻ വക്കീൽ നോട്ടീസ് അയച്ചു.

നിരോധനം കേന്ദ്ര ചട്ടമായ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂളിന് എതിരെന്ന് കാണിച്ചാണ് വക്കീൽ നോട്ടീസ് അയച്ചത്. കേന്ദ്ര നിർദ്ദേശ പ്രകാരം 50 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. ഇത് നിരോധിക്കാൻ പാടില്ല. തുറസായ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുവാനും പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാനും സംസ്കരിക്കുവാനുമുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടാണ് വക്കീൽ നോട്ടീസ്.

മാനവീയം വീഥിയിൽ വായനയുടെ തെരുവുത്സവം

തിരുവനന്തപുരം : ഇ. എം. എസ്. നമ്പൂതിരിപ്പാടിനെ അനുസ്മരിച്ച് മാനവീയം വീഥിയിൽ അക്ഷര ഒൺലൈനിന്റെ ആഭിമുഖ്യത്തിൽ മാനവീയം തെരുവിടം കൾച്ചർ കളക്ടീവിന്റെ സഹകരണത്തോടെ തെരുവ് വായനശാല പ്രവർത്തനമാരംഭിച്ചു. നീർമാതളച്ചുവടിനരികിൽ ലളിതകലാ അക്കാഡമി അവാർഡ് ജേതാവ് സുമേഷ്ബാലയുടെ ആർട്ട് ഇൻസ്റ്റലേഷനോടെ ആരംഭിച്ച വായനശാലയിൽ പന്ത്രണ്ട് വർത്തമാന പത്രങ്ങൾ സൗജന്യവായനയ്ക്കായി സജ്ജീകരിച്ചിട്ടുണ്ട്. വരും ദിവസങ്ങളിൽ ആനുകാലികങ്ങളും പുസ്തകങ്ങളും ലഭ്യമാകും. ആർട്ട് ഇൻസ്റ്റലേഷൻ കവി വിനോദ് വൈശാഖി സുമേഷ് ബാലയ്ക്ക് ചായം പകർന്ന് ഉദ്ഘാടനം ചെയ്തു. കെ.ജി. സൂരജ്, ജി.എൽ. അരുൺ ഗോപി, ഡോ. അനീഷ്യ ജയദേവ്, ശോഭന വി.പി. ജോർജ് എന്നിവർ സംസാരിച്ചു. സെക്രട്ടറി ബി. ശിവകുമാർ സ്വാഗതവും അരവിന്ദ്.എസ്.ആർ നന്ദിയും പറഞ്ഞു.

വിഴിഞ്ഞത്തെത്തിയ ഐലൻഡ് സ്കൈ എന്ന ആഡംബര കപ്പലിൽ നിന്ന് വിനോദ സഞ്ചാരികൾ പുറത്തേക്കിറങ്ങുന്നു

ഐലൻഡ് സ്കൈ വിഴിഞ്ഞത്ത്

കോവളം: വിദേശ വിനോദ സഞ്ചാരികളുമായി ആഡംബര കപ്പൽ ഐലൻഡ് സ്കൈ വിഴിഞ്ഞത്തെത്തി. കൊച്ചിയിൽ നിന്ന് കൊളംബോയ്ക്കുള്ള യാത്രയ്ക്കിടയിലാണ് 76 സഞ്ചാരികളും 70 ജീവനക്കാരുമായി ഇന്നലെ രാവിലെ ഏഴുമണിയോടെ വിഴിഞ്ഞത്തെ പഴയ വാർഫിൽ നങ്കൂരമിട്ടത്. നടപടിക്രമങ്ങൾ പൂർത്തിയാക്കിയതോടെ പുറത്തിറങ്ങിയ സഞ്ചാരികൾ പ്രത്യേക ബസുകളിൽ നഗരക്കാഴ്ചയ്ക്കിറങ്ങി. കോവളം, വിഴിഞ്ഞം തുറമുഖം, മ്യൂസിയം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് മടങ്ങിയെത്തി. വൈകിട്ടോടെ കപ്പൽ കൊളംബോയ്ക്കു തിരിച്ചു.

മോഷ്ടാവ് പിടിയിൽ

തിരുവനന്തപുരം: മോഷണക്കേസിൽ എട്ടുവർഷമായി ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ തമ്പാനൂർ പൊലീസ് അറസ്റ്റ് ചെയ്തു. അവണാകുഴി സ്വദേശി മനോഹരൻ എന്ന മധുവിനെയാണ് ഇന്നലെ പൊലീസ് പിടികൂടിയത്. സർക്കിൾ ഇൻസ്പെക്ടർ ഡി.കെ. പൃഥ്വിരാജ്, എസ്.ഐ പ്രകാശ്, സി.പി.ഒമാരായ സജയകുമാർ, അശോക് കുമാർ, സതീഷ് കുമാർ എന്നിവർ ചേർന്നാണ് അറസ്റ്റ് നടത്തിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി.

കാട്ടായിക്കോണം മോഡൽ യു.പി. എസിന്റെ വാർഷികാഘോഷം മേയർ വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്യുന്നു.

കാട്ടായിക്കോണം യു.പി. സ്കൂൾ വാർഷികം

തിരുവനന്തപുരം: കാട്ടായിക്കോണം ഗവ. യു. പി. സ്കൂളിനെ കൂടുതൽ നിലവാരത്തിലേയ്ക്ക് ഉയർത്താൻ സർക്കാരും നഗരസഭയും എല്ലാ സഹായവും നൽകുമെന്ന് മേയർ വി.കെ. പ്രശാന്ത് പറഞ്ഞു. കാട്ടായിക്കോണം മോഡൽ യു.പി. എസിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൗൺസിലർ സിന്ധു ശശി അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഉണ്ണിക്കൃഷ്ണൻ, എസ്.എം.സി. ചെയർമാൻ കാട്ടായിക്കോണം അരവിന്ദൻ, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി.എസ് ഇന്ദ്രൻ. ഡി. രമേശൻ, പി.ടി.എ പ്രസിഡന്റ് വി. ബിജു കുമാർ, വാസുദേവൻ നായർ, ഹെഡ്മാസ്റ്റർ എം. നഹാസ് എന്നിവർ സംസാരിച്ചു. സർവീസിൽ നിന്ന് വിരമിക്കുന്ന പോത്തൻകോട് യു.പി. എസ് ഹെഡ്മിസ്ട്രസ് പി. അനിതാകുമാരിയെ ചടങ്ങിൽ ആദരിച്ചു. എൻഡോവ്മെന്റ് വിതരണം, കുട്ടികളുടെ കലാപരിപാടികൾ എന്നിവ നടന്നു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,11

യുവജന കമ്മിഷനെ രാഷ്ട്രീയവത്കരിക്കരുത്: എ.ഐ.വൈ.എഫ്

തിരുവനന്തപുരം: യുവജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട യുവജന കമ്മിഷനെ സങ്കുചിത രാഷ്ട്രീയ താത്പര്യ സംരക്ഷണത്തിന്റെ വേദിയാക്കി മാറ്റരുതെന്ന് എ.ഐ.വൈ.എഫ് ജില്ലാ കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. യൂത്ത് കമ്മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിൽ മുഖ്യധാരാ യുവജന പ്രസ്ഥാനങ്ങളെപ്പോലും സഹകരിപ്പിക്കുന്നില്ല. ഈ സെമിനാറിന്റെ ലക്ഷ്യം എന്താണെന്നും അതിൽ പങ്കെടുക്കുന്ന പ്രതിനിധികളെ നിശ്ചയിക്കുന്നത് എങ്ങനെയെന്നും വ്യക്തമാക്കണം. യുവജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന സംഘടനകളെ വിശ്വാസത്തിലെടുക്കാതെ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ്. യൂത്ത് കമ്മിഷൻപോലെയുള്ള സ്ഥാപനങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം മറികടന്ന് അധികാരികൾ പെരുമാറുന്നത് പ്രതിഷേധാർഹമാണ്. ഇത് തിരുത്താൻ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകണമെന്ന് ജില്ലാ പ്രസിഡന്റ് എ.എസ്. ആനന്ദകുമാറും സെക്രട്ടറി അരുൺ. കെ. എസും ആവശ്യപ്പെട്ടു.

ശംഖുംമുഖം ദേവീക്ഷേത്രത്തിൽ തൃക്കൊടിയേറ്റ് മഹോത്സവം

തിരുവനന്തപുരം: ശംഖുംമുഖം ദേവീക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവം നാളെ മുതൽ 31 വരെ നടക്കും. 30നാണ് പൊങ്കാല. 22ന് രാത്രി 7ന് ദീപാരാധനയ്ക്കു ശേഷം തൃക്കൊടിയേറ്റ്. 730ന് രാഗലയയുടെ സ്വീറ്റ് മെലഡീസ്.

23മുതൽ 30 വരെ ഉച്ചയ്ക്ക് 12ന് അന്നദാനം, വൈകിട്ട് 5.30ന് കാഴ്ചശ്രീബലി, രാത്രി 7ന് ദീപാരാധന, 7.30ന് പുഷ്പാഭിഷേകം. 23ന് വൈകിട്ട് 6.30ന് രേഷ്മ വി.എസിന്റെ ഭരതനാട്യം, 7.10ന് ഭക്തിഗാനാഞ്ജലി. 24ന് വൈകിട്ട് 6ന് കവിയരങ്ങ്, 7.15ന് ഡാൻസ്, 25ന് രാത്രി 7.15ന് ഡാൻസ്. 26ന് രാത്രി 7.10ന് ഡാൻസ്. 27ന് രാത്രി 7.10ന് നാമസങ്കീർത്തനം, 28ന് വൈകിട്ട് 6ന് ദേവീ മഹാത്മ്യപാരായണം, 7.10ന് ഡാൻസ്. 29ന് രാത്രി 7.10ന് രാധികാ സുന്ദരേശന്റെ ഭക്തിഗാനമേള.

30ന് രാവിലെ 8.30ന് പൊങ്കാല, 8.40ന് ശങ്കരമംഗലത്ത് ബി. ത്രിലോചനന്റെ പ്രഭാഷണം 11.30ന് പൊങ്കാല നിവേദ്യം, വൈകിട്ട് 6ന് ചാക്യാർക്കൂത്ത്, 7.10ന് ഡാൻസ്, 8.30ന് വലിയകാണിക്ക, പള്ളിവേട്ട, 31ന് രാവിലെ 8ന് തൃക്കൊടിയിറക്ക്, വൈകിട്ട് 5.30ന് ആറാട്ട് എഴുന്നള്ളത്ത്.

ജയിൽ ക്ഷേമദിനാഘോഷങ്ങളുടെ സമാപന സമ്മേളനം പൂജപ്പുര സെൻട്രൽ ജയിലിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഒ. രാജഗോപാൽ എം.എൽ.എ, കൗൺസിലർ ഡോ. ബി. വിജയലക്ഷ്മി, എ.ഡി.ജി.പി ശ്രീലേഖ, ഡി.ഐ.ജി പ്രദീപ് തുടങ്ങിയവർ സമീപം

'എനിക്ക്...., മോഹൻലാലിനെ കാണണം, മരിക്കും മുമ്പ് ഒരിക്കലെങ്കിലും'

ആ അമ്മ ആദ്യം പറഞ്ഞത് കിടിലം ഫിറോസിനോട്

തിരുവനന്തപുരം: ഇന്ദിരാദേവി എന്ന സുഭദ്രാമ്മയെ കാണാൻ മോഹൽലാൽ എത്തിയത് ലോകം മുഴുവൻ അറിഞ്ഞു. ഒരിക്കലും സാധിക്കില്ലെന്ന് കരുതിയ ഇന്ദിരാദേവിയുടെ ആഗ്രഹം സഫലമായതിനു പിന്നിൽ ഒരു റേഡിയോ ജോക്കിയുടെ പരിശ്രമമുണ്ട്. 92.7 ബിഗ് എഫ്.എമ്മിലെ പ്രോഗ്രാം ഹെഡ് കിടിലം ഫിറോസാണ് ആ അമ്മയുടെ ആഗ്രഹപൂർത്തീകരണത്തിനു വേണ്ടി ശ്രമിച്ചത്.

കിടിലം ഫിറോസ്

കട്ടേല, കാരുണ്യവിശ്രാന്തി ഭവനിലെ ഇന്ദിരാമ്മയെ കിടിലം ഫിറോസ് കാണുന്നത് അവിടത്തെ 112 കാൻസർ രോഗികളായവർക്ക് ഭക്ഷണം നൽകാൻ 92.7 ബിഗ് എഫ്.എമ്മിന്റെ പട്ടിണിയില്ലാപട്ടണം പരിപാടിയുമായി ചെന്നപ്പോഴാണ്. ഇന്ദിരാദേവിക്ക് ബിരിയാണി കഴിക്കണമെന്നായിരുന്നു ആഗ്രഹം. അത് സാധിച്ചുകൊടുത്തു. ഇനി എന്ത് ആഗ്രഹം ഉണ്ടെന്നായി ഫിറോസ്.

'എനിക്ക്...., മോഹൻലാലിനെ കാണണം. മരിക്കും മുമ്പ് ഒരിക്കലെങ്കിലും'

ഫിറോസ് മൊബൈൽ കാമറയിലെ വീഡിയോ റെക്കോഡിംഗ് ഓൺ ചെയ്തു. മോഹൻലാലിനോടു ആ ആഗ്രഹം പറയുന്നതു പോലെ സംസാരിക്കാൻ പറഞ്ഞു. ആ അമ്മ 'മോനെ മോഹൻലാലെ...' എന്നു പറഞ്ഞു സംസാരിച്ചു. ഈ വീഡിയോ മോഹൻലാലിന് എത്തിക്കാൻ ശ്രമിച്ചത് ഫിറോസായിരുന്നു. ഒടുവിൽ അത് ലാൽ കണ്ടു. മോഹൻലാൽ തിരുവനന്തപുരത്ത് ഷൂട്ടിംഗിന് എത്തിയപ്പോൾ ആർ.ജെ. നീനു, ലാലിനെ നേരിട്ടുകണ്ടു പറഞ്ഞു. 'തിരുവനന്തപുരത്തു നിന്നു മടങ്ങുംമുമ്പ് ആ അമ്മയെ കാണും' ലാൽ ഉറപ്പു കൊടുത്തു. ആ വാക്ക് പാലിക്കുകയും ചെയ്തു.

എഴുപതാണ്ടിന്റെ നിറവിൽ നന്നാട്ടുകാവ് ഗവ. എൽ.പി സ്കൂൾ

പോത്തൻകോട്: നന്നാട്ടുകാവ് ഗവ. എൽ.പി സ്കൂളിന്റെ എഴുപതാം വാർഷികാഘോഷങ്ങൾ കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. വെമ്പായം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബി.എസ്. ചിത്രലേഖ അദ്ധ്യക്ഷയായിരുന്നു. പ്രഥമ അദ്ധ്യാപിക വി.ആർ. അംബികകുമാരി, വട്ടപ്പറമ്പിൽ പീതാംബരൻ, തേക്കട അനിൽകുമാർ, സുഗതകുമാരി, ഉണ്ണിക്കൃഷ്ണൻ, ശശിധരൻ നായർ, സതീശകുമാരൻ നായർ, സലാവുദ്ദീൻ, പ്രിയ .ടി.കെ തുടങ്ങിയവർ സംസാരിച്ചു.

കർഷക കോൺഗ്രസിന്റെ സെക്രട്ടേറിയറ്റ് ധർണ

തിരുവനന്തപുരം : സ്ത്രീകൾക്കും കുട്ടികൾക്കും അനുദിനം വർദ്ധിച്ചുവരുന്ന പീഡനത്തിനെതിരെ കർഷക കോൺഗ്രസ് ജില്ലാ കമ്മിറ്റി 25ന് സെക്രട്ടേറിയറ്റ് നടയിൽ സായാഹ്ന ധർണ നടത്തും. മാണിക്കമംഗലം ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ.എസ്. അനിലാണ് പ്രഖ്യാപനം നടത്തിയത്. തുലയിൽ ശശി ഉദ്ഘാടനം ചെയ്തു. എം.എൽ. ഉഷാരാജ് സ്വാഗതം പറഞ്ഞു. ഡി. കൃഷ്ണൻ, വി. ബാബുകുമാർ, ഡോ. പുഷ്പാസ്റ്റുവർട്ട്, മുസ്തഫ, ഐരാണിക്കര ബാബു, അടയമൺ മുരളി, ശാന്തിവിള രാധാകൃഷ്ണൻ, ജയന്തി, സീനത്ത്, ബേബി സുലേഖ, ഷെമി, ഷീല തുടങ്ങിയവർ സംസാരിച്ചു. 25ന് സായാഹ്ന ധർണ വി.എസ്. ശിവകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. തമ്പാനൂർ രവി, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ തുടങ്ങിയവർ സംസാരിക്കും.